# കേരള കാർഷിക സർവ്വകലാശാല


കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.


## കാർഷിക നിർദ്ദേശക ബുള്ളറ്റിൻ


(ടെലിഫോൺ:0487 2371931)


## പാലക്കാട്


E mail: kauagmet@yahoo.co.in, cohagmet@kau.in


**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 20/16, വെള്ളിയാഴ്ച** **തീയ്യതി 13.05.2016**

**അടുത്ത 5 ദിവസത്തേക്കു കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 14.05.2016 | 15.05.2016 | 16.05.2016 | 17.05.2016 | 18.05.2016 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 6 | 9 | 40 | 61 |
| ഉയർന്ന താപനില (°C ) | 36 | 35 | 35 | 34 | 33 |
| കുറഞ്ഞ താപനില (°C ) | 26 | 25 | 25 | 25 | 24 |
| മേഘവ്യാപ്തി (ഒക്ട) | 5 | 5 | 6 | 6 | 6 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 55 | 55 | 60 | 60 | 60 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ ) | 006 | 006 | 006 | 010 | 010 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 270 | 270 | 270 | 270 | 270 |

**കാർഷിക നിർദ്ദേശങ്ങൾ:**

| | | |
|---|---|---|
| നെല്ല് (കൊയ്ത്താറായ ഘട്ടം) | കുമിൾ രോഗങ്ങൾ (കുലവാട്ടം, പോളരോഗം) | സ്യൂഡോമോണാസ്കൾച്ചർ ഏക്കറിന് 2.5 കിലോഗ്രാം എന്ന തോതിൽ ഉപയോഗിക്കുക. ധാരാളം ജൈവവളം ചേർക്കുക. രോഗം അധികമുള്ളിടത്ത് 1 മി.ല്ലി ഫ്ളൂസിലാസോൾ അല്ലെങ്കിൽ പ്രൊപികൊണാസോൾ ഒരു ലിറ്റർ വെള്ളത്തിന് എന്ന തോതിൽ തളിക്കുക. |
| വാഴ | സിഗാടോക്ക | ഒന്നിടവിട്ട മഴയും വെയിലും മൂലം വാഴയിൽ സിഗാടോക്ക എന്ന കുമിൾ രോഗം വ്യാപകമാകുവാൻ സാധ്യതയു ്. ഈ രോഗത്തിൽ നിന്നും വാഴക്ക് സംരക്ഷണം നൽകാൻ 10 മുതൽ 20 ഗ്രാം വരെ സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തടത്തിൽ ഒഴിച്ചു കൊടുക്കുക. രോഗം ബാധിച്ച വാഴകൈയ്യുകൾ വെട്ടി കൃഷിയിടത്തിൽ നിന്നും നീക്കം ചെയ്തതിനു ശേഷം 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. 2 ആഴ്ചക്കു ശേഷവും രോഗത്തിനു കുറവില്ലെങ്കിൽ 2 ഗ്രാം സാഫ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. |
| തെങ്ങ് | കൊമ്പൻചെല്ലി | 250 ഗ്രാം വേപ്പിൻപിണ്ണാക്ക് പൊടിച്ചത് തുല്യ അളവ് മണലുമായി ചേർത്ത് നാമ്പോലയ്ക്കു ചുററുമുള്ള മൂന്നോ നാലോ ഓലപ്പട്ടയ്ക്കുള്ളിൽ നിറയ്ക്കുക. |
| പച്ചക്കറികൾ | കായീച്ചകൾ | കേടു വന്ന കായ്കൾ നശിപ്പിക്കുക. പച്ചക്കറികളിലെ കായീച്ചകളെ നിയന്ത്രിക്കാനുള്ള പ്രത്യേകമായ ഫിറമോൺ കെണികൾ അല്ലെങ്കിൽ തുളസി/പഴക്കെണികൾ ഉപയോഗിക്കുക. എന്നിട്ടും കുറവില്ലെങ്കിൽ 0.2% മാലത്തിയോൺ ലിറ്റർ ഒന്നിന് 10 ഗ്രാം ശർക്കരയോ, പഞ്ചസാരയോ ചേർത്ത് പൂക്കുന്ന സമയത്തും കായ് പിടിക്കുന്ന സമയത്തും ര ാഴ്ച്ച ഇടവിട്ട് തളിച്ചു കൊടുക്കണം. |